**മധുരമായ കുട്ടികളേ- ബാബ വന്നിരിക്കുകയാണ് നിങ്ങൾക്ക് ജ്ഞാന രത്നങ്ങൾ നൽകാൻ, മുരളി കേൾപ്പിക്കാൻ, അതിനാൽ നിങ്ങൾ ഒരിയ്ക്കലും മുരളി മിസ്സാക്കരുത്, മുരളിയോട് സ്നേഹമില്ലെങ്കിൽ ബാബയോടും സ്നേഹമില്ല.**

**ചോദ്യം-** ഈ ജ്ഞാനത്തിലൂടെ നിങ്ങൾ ധാരണ ചെയ്യുന്ന ഏറ്റവും നല്ല സ്വഭാവം ഏതാണ്?
**ഉത്തരം-** നിർവ്വികാരിയായി മാറുക എന്നതാണ് ഏറ്റവും നല്ല സ്വഭാവം. നിങ്ങൾക്ക് ജ്ഞാനം ലഭിക്കുകയാണ് ഈ മുഴുവൻ ലോകവും വികാരിയാണ്, വികാരി എന്നാൽ സ്വഭാവശുദ്ധി ഇല്ലാത്തവർ. ബാബ വന്നിരിക്കുകയാണ് നിർവ്വികാരി ലോകം സ്ഥാപിക്കുവാൻ. നിർവ്വികാരികളായ ദേവതകൾ സ്വഭാവശുദ്ധിയുള്ളവരാണ്. സ്വഭാവം നേരെയാകുന്നത് ബാബയുടെ ഓർമ്മയിലൂടെയാണ്.

**ഓംശാന്തി**. കുട്ടികളേ നിങ്ങൾ ഒരിയ്ക്കലും പഠിപ്പ് മിസ്സാക്കരുത്. അഥവാ പഠിപ്പ് മിസ്സാക്കുകയാണെങ്കിൽ പദവിയും മിസ്സാകും. മധുര മധുരമായ ആത്മീയ കുട്ടികൾ എവിടെയാണ് ഇരിക്കുന്നത്? ഈശ്വരന്റെ ആത്മീയ യൂണിവേഴ്സിറ്റിയിൽ. കുട്ടികൾക്ക് ഇതും അറിയാം ഓരോ 5000 വർഷങ്ങൾക്കുശേഷവും നമ്മൾ ഈ യൂണിവേഴ്സിറ്റിയിൽ ചേരും. ഇതും നിങ്ങൾ കുട്ടികൾക്ക് അറിയാം- ബാബ അച്ഛനുമാണ് ടീച്ചറുമാണ് ഗുരുവുമാണ്. സാധാരണയായി ഗുരുവിന്റെ മൂർത്തിയും അച്ഛന്റെ മൂർത്തിയും ടീച്ചറുടെ മൂർത്തിയും വേറെ വേറെയായിരിക്കും. ഇവിടെ മൂർത്തി ഒന്നേയുള്ളു. പക്ഷേ മൂന്നുപേരുമാണ് അർത്ഥം അച്ഛനുമാകുന്നു ടീച്ചറുമാകുന്നു ഗുരുവുമാകുന്നു. മനുഷ്യന്റെ ജീവിതത്തിൽ ഇവ മൂന്നും മുഖ്യമാണ്. അച്ഛനും ടീച്ചറും ഗുരുവും ബാബതന്നെയാണ്. മൂന്നുപാർട്ടും സ്വയം അഭിനയിക്കുന്നു. ഓരോ കാര്യങ്ങൾ കേൾക്കുമ്പോഴും നിങ്ങൾ കുട്ടികൾക്ക് വളരെ അധികം സന്തോഷം ഉണ്ടാകണം മാത്രമല്ല ഇങ്ങനെയുള്ള ത്രിമൂർത്തി യൂണിവേഴ്സിറ്റിയിൽ വളരെ അധികം പേരെ കൊണ്ടുവന്ന് ചേർത്തണം. ഏതെല്ലാം യൂണിവേഴ്സിറ്റികളിലാണോ നന്നായി പഠിപ്പിക്കുന്നത് അവിടെ പഠിക്കുന്നവർ മറ്റുള്ളവരോട് പറയാറുണ്ട്- ഈ യൂണിവേഴ്സിറ്റിയിൽ പഠിക്കൂ, ഇവിടെനിന്നും വളരെ നന്നായി അറിവ് ലഭിക്കുന്നുണ്ട് മാത്രമല്ല സ്വഭാവവും നല്ലതാകുന്നുണ്ട്. നിങ്ങൾ കുട്ടികളും മറ്റുള്ളവരെ കൊണ്ടുവരണം. മാതാക്കൾ മാതാക്കൾക്കും പുരുഷന്മാർ പുരുഷന്മാർക്കും മനസ്സിലാക്കിക്കൊടുക്കണം. നോക്കൂ ഭഗവാൻ അച്ഛനുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കുന്നുണ്ടോ അതോ ഇല്ലയോ എന്ന് ഓരോരുത്തരും തന്റെ ഹൃദയത്തോട് ചോദിക്കൂ. ഇത് സുപ്രീം ഫാദറുമാണ്, സുപ്രീം ടീച്ചറുമാണ്, സുപ്രീം ഗുരുവുമാണ് എന്ന് എപ്പോഴെങ്കിലും തന്റെ മിത്ര സംബന്ധികൾക്കും കൂട്ടുകാർക്കും മനസ്സിലാക്കിക്കൊടുക്കാറുണ്ടോ? സുപ്രീം ഫാദർ ദേവീ ദേവതകളെ നിർമ്മിക്കുന്നവരാണ്, ബാബ തനിക്കുസമാനം അച്ഛനാക്കി മാറ്റുകയല്ല ചെയ്യുന്നത്. ബാക്കി ബാബയ്ക്ക് എന്തെല്ലാം മഹിമകളുണ്ടോ അതിലെല്ലാം തനിക്കുസമാനമാക്കി മാറ്റുന്നു. ബാബയുടെ ജോലി പാലിക്കുക, സ്നേഹിക്കുക എന്നതാണ്. ഇങ്ങനെയുള്ള ബാബയെ തീർച്ചയായും ഓർമ്മിക്കണം. ബാബയെ ആരുമായും താരതമ്യം ചെയ്യാൻ സാധിക്കില്ല. ഗുരുവിൽ നിന്നും ശാന്തി ലഭിക്കും എന്ന് പറയാറുണ്ട്. പക്ഷേ ബാബ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഞാൻ സർവ്വാത്മാക്കളുടേയും അച്ഛനാണ് എന്നും ആർക്കും പറയാൻ സാധിക്കില്ല. സർവ്വാത്മാക്കളുടേയും അച്ഛൻ ആരായിരിക്കും എന്നതും ആർക്കും അറിയില്ല. പരിധിയില്ലാത്ത അച്ഛൻ ഒന്നേയുള്ളു അവരെയാണ് ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എല്ലാവരും ഗോഡ് ഫാദർ എന്ന് വിളിക്കുന്നത്. ബുദ്ധി തീർച്ചയായും നിരാകാരന്റെ നേർക്കാണ് പോകുന്നത്. ഇത് ആരാണ് പറഞ്ഞത്? ആത്മാവാണ് ഗോഡ് ഫാദർ എന്നു പറഞ്ഞത്. എങ്കിൽ തീർച്ചയായും കണ്ടുമുട്ടണം. ഫാദർ എന്ന് പറഞ്ഞിട്ട് ഒരിയ്ക്കൽ പോലും കണ്ടിട്ടില്ലെങ്കിൽ അവരെങ്ങനെ ഫാദറാകും? ലോകത്തിലെ മുഴുവൻ കുട്ടികളുടേയും ആഗ്രഹം എന്താണോ അത് പൂർത്തിയാക്കുന്നു. എനിക്ക് ശാന്തിധാമത്തിലേയ്ക്ക് പോകണം എന്ന് എല്ലാ ആത്മാക്കൾക്കും ആഗ്രഹമുണ്ട്. ആത്മാവിന് വീട് ഓർമ്മ വരുന്നു. ആത്മാവ് രാവണരാജ്യത്തിൽ ക്ഷീണിച്ചിരിക്കുന്നു. ഇംഗ്ലീഷിലും പറയുന്നുണ്ട് ഓ ഗോഡ് ഫാദർ, ലിബറേറ്റ് ചെയ്യൂ. തമോപ്രധാനമായി മാറി പാർട്ട് അഭിനയിച്ച് അഭിനയിച്ച് ശാന്തിധാമത്തിലേയ്ക്ക് പോകും. പിന്നീട് ആദ്യം സുഖധാമത്തിലേയ്ക്ക് വരും. ഇങ്ങനെയല്ല ആദ്യമാദ്യം തന്നെ വന്ന് വികാരിയാകുന്നു. അല്ല. ബാബ മനസ്സിലാക്കിത്തരുന്നു ഇത് വേശ്യാലയമാണ്, രാവണരാജ്യമാണ്. ഇതിനെയാണ് ഘോരനരകം എന്ന് പറയുന്നത്.

ഭാരതത്തിൽ അഥവാ ഈ മുഴുവൻ ലോകത്തിൽ എത്ര ശാസ്ത്രങ്ങൾ, പഠിക്കുന്നതിനുള്ള പുസ്തകങ്ങളുണ്ട്, ഇതെല്ലാം അവസാനിക്കും. ബാബ നിങ്ങൾക്ക് നൽകുന്ന ഈ സമ്മാനം ഒരിയ്ക്കലും അഗ്നിക്കിരയാവില്ല. ഇത് ധാരണ ചെയ്യാനുള്ളതാണ്. എന്താണോ ഉപയോഗിക്കാൻ പറ്റാത്തത് അതിനെ കത്തിക്കു

ന്നു. ജ്ഞാനമെന്നത് ശാസ്ത്രമൊന്നുമല്ല കത്തിച്ചുകളയാൻ. നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നു, ഇതിലൂടെ നിങ്ങൾ 21 ജന്മങ്ങളിലേയ്ക്ക് പദവി പ്രാപ്തമാക്കുന്നു. ഇവരുടെ ശാസ്ത്രവും കത്തിപ്പോകും എന്നല്ല. ഈ ജ്ഞാനം സ്വയം തന്നെ പ്രായലോപം സംഭവിക്കും. പഠിക്കുന്നതിനായി പുസ്തകമൊന്നുമില്ല. ജ്ഞാന –വിജ്ഞാന ഭവനം എന്ന് പേരുമുണ്ട്. പക്ഷേ ഈ പേര് എന്തുകൊണ്ട് വന്നു, ഇതിന്റെ അർത്ഥം എന്താണ്? എന്നതൊന്നും അവർക്ക് അറിയില്ല. ജ്ഞാന–വിജ്ഞാനത്തിന്റെ മഹിമ എത്ര ഭാരിച്ചതാണ്! ജ്ഞാനം അർത്ഥം സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം അതാണ് നിങ്ങൾ ഇപ്പോൾ ധാരണ ചെയ്തുകൊണ്ടിരിക്കുന്നത്. വിജ്ഞാനം അർത്ഥം ശാന്തിധാമം. നിങ്ങൾ ജ്ഞാനത്തിനും ഉപരിയായി മാറുന്നു. ജ്ഞാനത്തിലെ പഠിപ്പിന്റെ ആധാരത്തിൽ പിന്നീട് നിങ്ങൾ രാജ്യം ഭരിക്കുന്നു. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ആത്മാക്കളെ ബാബ വന്ന് പഠിപ്പിക്കുകയാണ്. ഇല്ലെങ്കിൽ പിന്നെ ഭഗവാനുവാചാ എന്നത് മുങ്ങിപ്പോയേനേ. ഭഗവാൻ ഏതെങ്കിലും ശാസ്ത്രം പഠിച്ചിട്ടാണോ വരുന്നത്. ഭഗവാനിൽ ജ്ഞാനം വിജ്ഞാനം ഇവ രണ്ടുമുണ്ട്. ആര് എങ്ങനെയാണോ അതുപോലെയാക്കി മാറ്റുന്നു. ഇത് വളരെ സൂക്ഷ്മമായ കാര്യങ്ങളാണ്. ജ്ഞാനത്തേക്കാൾ അതി സൂക്ഷ്മമാണ് വിജ്ഞാനം. ജ്ഞാനത്തിനും ഉപരിയായി പോകണം. ജ്ഞാനം സ്ഥൂലമാണ്, ഞാൻ പഠിപ്പിക്കുകയാണ്, ശബ്ദം ഉണ്ടാകുന്നുണ്ടല്ലോ. വിജ്ഞാനം സൂക്ഷ്മമാണ് ഇതിൽ ശബ്ദത്തിന് ഉപരി ശാന്തിയിലേയ്ക്ക് പോകണം. ഈ ശാന്തിക്കുവേണ്ടിത്തന്നെയാണ് അലയുന്നത്. സന്യാസിമാരുടെ അടുത്തേയ്ക്ക് പോകുന്നു. പക്ഷേ ബാബയുടെ കൈവശം എന്താണോ ഉള്ളത് അത് മറ്റാരിൽ നിന്നും ലഭിക്കില്ല. ഹഠയോഗം ചെയ്യുന്നു, ആസനങ്ങളിൽ ഇരിക്കുന്നു പക്ഷേ ഇതിലൂടെയൊന്നും ശാന്തി ലഭിക്കില്ല, ഇവിടെയാണെങ്കിൽ ബുദ്ധിമുട്ടിക്കുന്ന ഒരു കാര്യവുമില്ല. പഠിപ്പും വളരെ സഹജമാണ്. 7 ദിവസത്തെ കോഴ്സ് കേൾക്കണം. 7 ദിവസത്തെ കോഴ്സ് പൂർത്തിയാക്കിയ ശേഷം പുറത്ത് എവിടേയ്ക്ക് വേണമെങ്കിലും പൊയ്ക്കോളൂ, മറ്റുള്ള പരിധിയുള്ള കോളേജുകളിലൊന്നും ഇങ്ങനെ ചെയ്യാൻ പറ്റില്ല. നിങ്ങളുടെ കോഴ്സു തന്നെ 7 ദിവസത്തേതാണ്. എല്ലാം മനസ്സിലാക്കിക്കൊടുക്കുന്നു. പക്ഷേ 7 ദിവസവും നൽകാൻ ആർക്കും സാധിക്കില്ല. ബുദ്ധിയോഗം എവിടേയ്ക്കെല്ലാമാണ് പോകുന്നത്. നിങ്ങളാണെങ്കിൽ ഭട്ടിയിലായിരുന്നു, ആരുടേയും മുഖം കണ്ടിരുന്നില്ല. ആരുമായും സംസാരിച്ചിരുന്നില്ല. പുറത്ത് പോവുകയും ചെയ്തിരുന്നില്ല. തപസ്യ ചെയ്യുന്നതിനായി സാഗരതീരത്ത് പോയിരുന്ന് ഓർമ്മിക്കുമായിരുന്നു. ആ സമയത്ത് ഈ ചക്രം അറിയില്ലായിരുന്നു. ഈ പഠിപ്പ് മനസ്സിലാക്കിയിരുന്നില്ല. ആദ്യമാദ്യം ബാബയുമായി യോഗം വേണം. ബാബയുടെ പരിചയം വേണം. എന്നിട്ട് പിന്നീട് ടീച്ചർ വേണം. ബാബയുമായി എങ്ങനെയാണ് യോഗം വെയ്ക്കേണ്ടത് എന്നത് ആദ്യം പഠിക്കണം, എന്തുകൊണ്ടെന്നാൽ ഈ ബാബ അശരീരിയാണ്, ബാക്കിയുള്ളവരാണെങ്കിൽ അംഗീകരിക്കുന്നുമില്ല. ഈശ്വരീയ പിതാവ് സർവ്വവ്യാപിയാണ് എന്നാണ് പറയുന്നത്. സർവ്വവ്യാപിയാണ് എന്ന ജ്ഞാനമാണ് നടന്നുവരുന്നത്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഈ കാര്യമില്ല. നിങ്ങൾ വിദ്യാർത്ഥികളാണ്. ബാബ പറയുന്നു നിങ്ങളുടെ ജോലികൾ എല്ലാം നന്നായി ചെയ്തോളൂ അതോടൊപ്പം തീർച്ചയായും ക്ലാസും കേൾക്കൂ. തീർച്ചയായും ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നോളൂ. അഥവാ സ്ക്കൂളിൽ പോവുകതന്നെ വേണ്ട എന്നു പറയുകയാണെങ്കിൽ പിന്നെ ബാബ എന്ത് ചെയ്യാനാണ്. ഭഗവാൻ പഠിപ്പിക്കുകയാണ്, ഭഗവാനും ഭഗവതിയുമാക്കി മാറ്റുന്നതിനായി! ഭഗവാന്റെ വാക്കുകളാണ്– ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റും. എങ്കിൽ എന്താ ഭഗവാനിൽ നിന്നും രാജയോഗം പഠിക്കുകയില്ലേ? ഇങ്ങനെ ആർക്ക് നിലനിൽക്കാൻ സാധിക്കും! അതിനാലാണ് നിങ്ങൾ ഓടിവന്നത്. വിഷത്തിൽ നിന്നും രക്ഷപ്പെടാനാണ് ഓടിവന്നത്. നിങ്ങൾ വന്ന് ഭട്ടിയിൽ ഇരുന്നു, ആർക്കും കാണാൻ സാധിച്ചില്ല, വന്ന് കാണാൻ കഴിഞ്ഞില്ല. ആരെയും കാണുകപോലും ചെയ്തില്ല. പിന്നെ ആരെ ഓർമ്മിക്കാനാണ്. ഭഗവാനാണ് പഠിപ്പിക്കുന്നത് എന്നത് കുട്ടികൾക്ക് നിശ്ചയമുണ്ട്. എന്നിട്ടും ഒഴിവ് കഴിവ് പറയുന്നു, അസുഖമാണ്, ഇന്ന ജോലിയുണ്ടായിരുന്നു. ബാബയ്ക്ക് നിരവധി ഷിഫ്റ്റുകൾ നൽകാൻ സാധിക്കും. ഇന്ന് സ്ക്കുളുകളിലും ഷിഫ്റ്റുകൾ നൽകുന്നു. ഇവിടെ അധികം പഠിപ്പൊന്നുമില്ല. കേവലം അല്ലാഹുവിനേയും സമ്പത്തിനേയും മനസ്സിലാക്കാൻ വളരെ നല്ല ബുദ്ധിവേണം. അല്ലാഹുവും സമ്പത്തും– ഇത് ഓർമ്മിക്കൂ, എല്ലാവരോടും പറയൂ. ത്രിമൂർത്തികളുടെ ഒരുപാട് ചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട് പക്ഷേ അതിനുമുകളിൽ ശിവബാബയെ കാണിക്കുന്നില്ല. ഗീതയുടെ ഭഗവാൻ ശിവനാണ് എന്നത് മനസ്സിലാക്കുന്നില്ല, ബാബയിൽ നിന്നും ജ്ഞാനം നേടിയാണ് വിഷ്ണുവുണ്ടാകുന്നത്. രാജയോഗമല്ലേ. ഇപ്പോൾ ഇത് വളരെ അധികം ജന്മങ്ങളുടെ അന്തിമ ജന്മമാണ്, എത്ര സഹജമായി മനസ്സിലാക്കാവുന്നതാണ്. പുസ്തകം മുതലായ ഒന്നും കൈയ്യിലില്ല. കേവലം ഒരു ബാഡ്ജ് മാത്രം അതിലും ത്രിമൂർത്തിയുടെ ചിത്രം. ബാബ എങ്ങനെയാണ് ബ്രഹ്മാവിലൂടെ പഠിപ്പ് പഠിപ്പിച്ച് വിഷ്ണുവിനു സമാനമാക്കി മാറ്റുന്നത് എന്നത് ഇതിലൂടെ മനസ്സിലാക്കിക്കൊടുക്കണം. പലരും കരുതുന്നുണ്ട് എനിക്ക് രാധയെപ്പോലെയായി മാറണം. കലശം ലഭിച്ചിരിക്കുന്നത് മാതാക്കൾക്കാണ്. രാധയുടെ അനേകം ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ അവർക്ക് കലശം ലഭിക്കുന്നു. ഈ രഹസ്യവും ബാബയ്ക്ക് മാത്രമേ മനസ്സിലാക്കിത്തരാൻ സാധിക്കൂ ബാക്കി ഒരു മനുഷ്യനും ഇത് അറിയില്ല. നിങ്ങളുടെ അടുത്തേയ്ക്ക് സെന്ററിൽ എത്രപേരാണ് വരുന്നത്. ചിലർ ഒരു ദിവസം

വരും പിന്നെ 4 ദിവസം വരില്ല. എങ്കിൽ ചോദിക്കണം ഇത്രയും ദിവസം നിങ്ങൾ എന്ത് ചെയ്യുകയായിരുന്നു? ബാബയെ ഓർമ്മിച്ചിരുന്നോ? സ്വദർശന ചക്രം കറക്കിയിരുന്നോ? ആരാണോ വളരെ അധികം ദിവസങ്ങൾക്ക് ശേഷം വരുന്നത് അവർക്ക് എഴുതിചോദിക്കുകയും ചെയ്യാം. ചിലർ സ്ഥലം മാറി പോകാറുണ്ട് എങ്കിലും അവർ തീർച്ചയായും സെന്ററിന്റേതുതന്നെയാണ്, കാരണം അവർക്ക് മന്ത്രം ലഭിച്ചിട്ടുണ്ട്– ബാബയെ ഓർമ്മിക്കണം പിന്നെ സ്വദർശന ചക്രം കറക്കണം. ബാബ വളരെ സഹജമായ കാര്യമാണ് മനസ്സിലാക്കിത്തന്നത്. രണ്ട് വാക്കുകളേയുള്ളു– മന്മനാഭവ, എന്നെ ഓർമ്മിക്കു ഒപ്പം സമ്പത്തിനേയും ഓർമ്മിക്കു, ഇതിൽ മുഴുവൻ ചക്രവും വരും. ആരെങ്കിലും ശരീരം വിട്ടാൽ ഉടൻ പറയും അവർ സ്വർഗ്ഗം പൂകി. പക്ഷേ സ്വർഗ്ഗം എന്താണ്, ഇത് ആർക്കും അറിയില്ല. നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് അവിടെ രാജധാനിയുണ്ട്. ഉയർന്ന ആളിൽ നിന്നും താഴെയുള്ള ആളുവരെ, ധനികനിൽ നിന്നും ദരിദ്രൻ വരെ എല്ലാവരും സുഖിയായിരിക്കും. ഇതാണ് ദുഃഖിതരുടെ ലോകം. അതാണ് സുഖികളുടെ ലോകം. ബാബ മനസ്സിലാക്കിത്തരുന്നത് വളരെ നന്നായിട്ടാണ്. കട നടത്തുന്ന ആളായാലും ശരി എന്തായാലും ശരി പഠിപ്പിന്റെ കാര്യത്തിൽ ഒഴിവ് കഴിവ് പറയുന്നത് നല്ലതായി തോന്നുന്നില്ല. വരുന്നില്ലെങ്കിൽ അവരോട് ചോദിക്കണം, നിങ്ങൾ ബാബയെ എത്ര ഓർമ്മിച്ചു? സ്വദർശന ചക്രം കറക്കുന്നുണ്ടോ? കഴിക്കൂ കുടിക്കൂ, ചുറ്റിക്കറങ്ങു– അതിന് ഒരു തടസ്സവും പറയുന്നില്ല. ഇതിനായും സമയം മാറ്റിവെയ്ക്കു. മറ്റുള്ളവരുടെ മംഗളവും ചെയ്യണം. ചിന്തിക്കൂ അഥവാ ഒരാളുടെ ജോലി വസ്ത്രം അലക്കുക എന്നതാണ് എങ്കിൽ വളരെ അധികം പേർ വരും. മുസ്ലീമാകട്ടെ പാഴ്സിയാകട്ടെ അല്ലെങ്കിൽ ഹിന്ദുവാകട്ടെ പറയൂ നിങ്ങൾ സ്ഥൂലത്തിലുള്ള വസ്ത്രം അലക്കുന്നു പക്ഷേ നിങ്ങളുടെ ഈ ശരീരം, ഇത് വളരെ പഴയ അഴുക്കുനിറഞ്ഞ വസ്ത്രമാണ്, ആത്മാവും തമോപ്രധാനമാണ്, ഇതിനെ സതോപ്രധാനവും ശുദ്ധവുമാക്കി മാറ്റണം. ഈ മുഴുവൻ ലോകവും തമോപ്രധാനമായ പതിതമായ കലിയുഗമാണ്. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകണം എന്ന ലക്ഷ്യമുണ്ടല്ലോ. ഇപ്പോൾ ചെയ്യു ചെയ്യാതിരിക്കു, മനസ്സിലാക്കൂ മനസ്സിലാക്കാതിരിക്കൂ അത് നിങ്ങളുടെ ഇഷ്ടം. നിങ്ങൾ ആത്മാവല്ലേ. ആത്മാവിന് തീർച്ചയായും പവിത്രമാകണം. ഇപ്പോഴാണെങ്കിൽ നിങ്ങളുടെ ആത്മാവ് അപവിത്രമായിരിക്കുന്നു. ആത്മാവ്, ശരീരം രണ്ടും കറപുരണ്ടതാണ്. അതിനെ ശുദ്ധമാക്കുന്നതിനായി നിങ്ങൾ ബാബയെ ഓർമ്മിക്കു എങ്കിൽ ഗ്യാരന്റിയാണ് നിങ്ങളുടെ ആത്മാവ് പൂർണ്ണമായി 100 ശതമാനം പവിത്രമായ സ്വർണ്ണമായി മാറും. പിന്നീട് ആഭരണവും വളരെ നല്ലത് ഉണ്ടാകും. വിശ്വസിക്കൂ വിശ്വസിക്കാതിരിക്കു, അത് നിങ്ങളുടെ ഇഷ്ടമാണ്. ഇതുപോലും എത്ര വലിയ സേവനമായി. ഡോക്ടറുടെ അടുത്തേയ്ക്ക് പോകൂ, കോളേജുകളിലേയ്ക്ക് പോകൂ, വലിയ വലിയ ആളുകൾക്ക് ചെന്ന് മനസ്സിലാക്കിക്കൊടുക്കു അതായത് സ്വഭാവം വളരെ നല്ലതായിരിക്കണമെന്ന്. ഇവിടെ എല്ലാവരും സ്വഭാവശുദ്ധി ഇല്ലാത്തവരാണ്. ബാബ പറയുന്നു നിർവ്വികാരികളായി മാറണം. നിർവ്വികാരി ലോകം ഉണ്ടായിരുന്നല്ലോ. ഇപ്പോൾ വികാരികളാണ് അർത്ഥം സ്വഭാവശുദ്ധി ഇല്ലാത്തവരാണ്. സ്വഭാവം വളരെ മോശമായിരിക്കുന്നു. നിർവ്വികാരിയാവാതെ സ്വഭാവം നേരെയാവില്ല. ഇവിടെ മനുഷ്യർ മുഴുവൻ കാമികളാണ്. ഇപ്പോൾ വികാരീ ലോകത്തിൽ നിന്നും നിർവ്വികാരീ ലോകം സ്ഥാപിക്കുന്നത് ഒരേ ഒരു ബാബയാണ്. ബാക്കി പഴയലോകം വിനാശമാകും. ഇത് ചക്രമല്ലേ. ഈ ചക്രത്തിൽ വളരെ നല്ല കാര്യങ്ങളുണ്ട് മനസ്സിലാക്കാൻ. ഇത് നിർവ്വികാരി ലോകമായിരുന്നു, ഇവിടെ ദേവീ ദേവതകളാണ് വസിച്ചിരുന്നത്. ഇപ്പോൾ അവർ എവിടെപ്പോയി? ആത്മാവിനാണെങ്കിൽ വിനാശമുണ്ടാകില്ല, അത് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കും. ദേവീ ദേവതകളും 84 ജന്മങ്ങൾ എടുത്തിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ ബുദ്ധിശാലികളായി മാറിയിരിക്കുന്നു. മുമ്പ് നിങ്ങൾക്ക് ഒന്നും അറിയില്ലായിരുന്നു. ഇപ്പോൾ ഈ പഴയ ലോകം എത്രമോശമാണ്, ബാബ എന്താണോ പറയുന്നത് അത് തീർത്തും കൃത്യമാണ് എന്ന് നിങ്ങൾക്ക് അനുഭവമാകുന്നുണ്ട്. അവിടെയാണെങ്കിൽ പവിത്രലോകമാണ്. ഇത് പവിത്രലോകമല്ലാത്ത കാരണത്താൽ സ്വയം ദേവത എന്നു പറയാൻ പറ്റില്ല അതിനാൽ അതിനുപകരം ഹിന്ദു എന്ന് പേരുവെച്ചു. ഹിന്ദുസ്ഥാനിൽ വസിക്കുന്നവരെ ഹിന്ദു എന്ന് വിളിക്കുന്നു, ദേവതകൾ ഉണ്ടായിരുന്നത് സ്വർഗ്ഗത്തിലാണ്. ഇപ്പോൾ നിങ്ങൾ ഈ ചക്രത്തെ മനസ്സിലാക്കിയിരിക്കുന്നു. ആരാണോ വളരെ വിവേകശാലികളായ കുട്ടികൾ അവർ വളരെ നല്ലരീതിയിൽ മനസ്സിലാക്കുന്നുണ്ട് എങ്കിൽ എങ്ങനെയാണോ ബാബ മനസ്സിലാക്കിത്തരുന്നത് അതുപോലെ ഇരുന്ന് ആവർത്തിക്കണം. വളരെ മുഖ്യമായ കാര്യങ്ങൾ കുറിച്ചുവെക്കൂ. പിന്നീട് കേൾപ്പിക്കു, ബാബ ഇന്ന ഇന്ന കാര്യങ്ങൾ കേൾപ്പിച്ചു. പറയു, ഞാൻ ഗീതാജ്ഞാനമാണ് കേൾപ്പിക്കുന്നത്. ഇത് ഗീതയുടെതന്നെ യുഗമാണ്. 4 യുഗങ്ങളുണ്ട് എന്നത് എല്ലാവർക്കും അറിയാം. ഇതാണ് ലീപ്പ് യുഗം. ഈ സംഗമയുഗത്തെ ആർക്കും അറിയില്ല, നിങ്ങൾക്ക് അറിയാം ഇത് പുരുഷോത്തമ സംഗമയുഗമാണ്. മനുഷ്യർ ശിവജയന്തിയും ആഘോഷിക്കുന്നുണ്ട് പക്ഷേ ഭഗവാൻ എപ്പോഴാണ് വന്നത്, എന്താണ് ചെയ്തത് ഇതൊന്നും അറിയില്ല. ശിവജയന്തിക്കുശേഷമാണ് കൃഷ്ണ ജയന്തി, പിന്നീടാണ് രാമജയന്തി. ജഗദംബയുടേയും ജഗദ്പിതാവിന്റേയും ജയന്തി ആരും ആഘോഷിക്കുന്നില്ല. എല്ലാവരും നമ്പർവൈസായല്ലേ വരുന്നത്. ഇപ്പോൾ നിങ്ങൾക്ക് ഈ മുഴുവൻ ജ്ഞാനവും ലഭിച്ചു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1. നമ്മുടെ അച്ഛൻ സുപ്രീം ഫാദറും സുപ്രീം ടീച്ചറും സുപ്രീം സദ്ഗുരുവുമാണ്– ഈ കാര്യം എല്ലാവരേയും കേൾപ്പിക്കണം. അല്ലാഹുവിന്റേയും സമ്പത്തിന്റേയും പഠിപ്പ് പഠിക്കണം.

2. ജ്ഞാനം അർത്ഥം സൃഷ്ടി ചക്രത്തിന്റെ ജ്ഞാനത്തെ ധാരണചെയ്ത് സ്വദർശന ചക്രധാരിയായി മാറണം മാത്രമല്ല വിജ്ഞാനം അർത്ഥം ശബ്ദത്തിന് ഉപരി ശാന്തിയിലേയ്ക്ക് പോകണം. 7 ദിവസത്തെ കോഴ്സ് കഴിഞ്ഞ് എവിടെ ഇരുന്നാണെങ്കിലും പഠിപ്പ് പഠിക്കണം.

## വരദാനം – സേവനത്തിൽ പേര് പ്രശസ്തിയുടെ പാകപ്പെടാത്ത ഫലത്തെ ത്യാഗം ചെയ്ത് സദാ പ്രസന്ന ചിത്തരായിരിക്കുന്ന അഭിമാനത്തിൽ നിന്നും മുക്തരായി ഭവിയ്ക്കട്ടെ.

രാജകീയ രൂപത്തിന്റെ ഇച്ഛയുടെ സ്വരൂപമാണ് പേര്, പ്രശസ്തി, അംഗീകാരം. ആരാണോ പേരിന് വേണ്ടി സേവനം ചെയ്യുന്നത്, അവരുടെ പേര് അല്പകാലത്തേക്ക് മാത്രമായിരിക്കും. എന്നാൽ ഉയർന്ന പദവിയിൽ പിറകിലായിരിക്കും. എന്തുകൊണ്ടെന്നാൽ പാകമല്ലാത്ത ഫലമാണ് കഴിച്ചത്. സേവനത്തിന്റെ റിസൾട്ടിൽ എനിക്ക് അംഗീകാരം ലഭിക്കണമെന്ന് പല കുട്ടികളും ചിന്തിക്കാറുണ്ട്. എന്നാൽ ഇത് അംഗീകാരമല്ല, അഭിമാനമാണ്. എവിടെ അഭിമാനമുണ്ടോ അവിടെ പ്രസന്നതയുണ്ടാകില്ല. അതിനാൽ അഭിമാനത്തിൽ നിന്നും മുക്തമായി, സദാ പ്രസന്നതയുടെ അനുഭവം ചെയ്യൂ.

## സ്ലോഗൻ – പരമാത്മ സ്നേഹത്തിന്റെ സുഖദായി ഊഞ്ഞാലിൽ ആടൂ എന്നാൽ ദുഖത്തിന്റെ അലകൾക്ക് വരാൻ സാധിക്കില്ല.